**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 761 — 11-06-2014-ൽ മറുപടിയ്ക്ക്

## ഔഷധ വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സുപ്രീം കോടതി ഉത്തരവിനെ തുടർന്ന് നിലവിൽ വന്ന ഔഷധ വില നിയന്ത്രണം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ? | (എ) സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം നിലവിൽവന്ന ഡ്രഗ്സ് (പ്രൈസസ് കൺട്രോൾ) ഓർഡർ 2013 ന്റെ അടിസ്ഥാനത്തിൽ മരുന്നുകളുടെ വില നിയന്ത്രിച്ചു കൊണ്ട് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നോട്ടിഫിക്കേഷൻ ഇറക്കുകയുണ്ടായി. പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ അടിസ്ഥാനത്തിൽ മരുന്നുകളുടെ വില നിയന്ത്രണം ഉറപ്പു വരുത്തുവാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിപണിയിൽ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. |
| (ബി) മരുന്നുകൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിച്ചും വീര്യം കുറച്ചും പാവപ്പെട്ട രോഗികളെ കൊള്ളയടിക്കുന്ന മരുന്നു കമ്പനികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) മരുന്നുകൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013 ലെ ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ അനുസരിച്ചു നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഇറക്കിയ ഉത്തരവുകൾ അനുസരിച്ചും മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഉത്തരവുകൾ പ്രാബല്യത്തിൽ വന്നതിനുശേഷം മരുന്നിന്റെ വില കുറയ്ക്കുന്നതിന് 45 ദിവസത്തെ സമയം മാത്രമേ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഔഷധ നിർമ്മാതാക്കൾക്ക് നൽകിയിരുന്നുള്ളൂ. അതുകൊണ്ട് ആരംഭത്തിൽ ചില സ്ഥലങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യം നേരിട്ടിരുന്നെങ്കിലും വകുപ്പിന്റെ ശക്തമായ ഇടപെടലുകൾ കാരണം സംസ്ഥാനത്തെ മരുന്നു വിതരണം സുഗമമാക്കാൻ സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ജീവൻരക്ഷാ മരുന്നുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാനുള്ള മാർക്കറ്റ് ഇടപെടൽ നടത്താൻ തയ്യാറാകുമോ? | (സി) മരുന്നുകൾ നിലവിൽ കുറഞ്ഞ വിലയ്ക്ക് "കാരുണ്യ", " നീതി" , "മാവേലി" മെഡിക്കൽ സ്റ്റോറുകൾ വഴി ഇപ്പോൾ തന്നെ ലഭ്യമാക്കി വരുന്നുണ്ട്. |
| (ഡി) ഉല്പാദന ചെലവുമായി ബന്ധപ്പെട്ട് മരുന്നുവില നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ? | (ഡി) 2013 ലെ ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ അനുസരിച്ചും നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ ഉത്തരവുകൾ പ്രകാരവും സംസ്ഥാനത്ത് മരുന്നുവില നിയന്ത്രിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**